"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പട്ടികവർഗ്ഗ വികസന വകുപ്പ് - ജീവനക്കാര്യം - ശ്രീ. സുനിൽ. കെ, ക്ലർക്ക്/വാർഡൻ, പ്രീമെട്രിക് ഹോസ്റ്റൽ, പട്ടഞ്ചേരി, പാലക്കാട്- പ്രൊബേഷൻ കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.410/2026/SCSTD തീയതി,തിരുവനന്തപുരം, 09-06-2026

പരാമർശം:-

1. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 14.05.2018-ലെ E6-700/2018(2) നമ്പർ ഉത്തരവ്.
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 18.12.2025 ലെ STDD/4585/2025/E6 നമ്പർ ഉത്തരവ്
3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 18.05.2026-ലെ STDD/4585/2025-E6 നമ്പർ കത്ത്.

ഉത്തരവ്

പട്ടിക വർഗ്ഗ വികസന വകുപ്പിൽ പരാമർശം (1) പ്രകാരം നിയമനം ലഭിച്ച് 22.06.2018 FN ജോലിയിൽ പ്രവേശിച്ചതും നിലവിൽ പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ അധികാര പരിധിയിലുള്ള പട്ടഞ്ചേരി പ്രീമെട്രിക് ഹോസ്റ്റലിലെ ക്ലർക്ക്/വാർഡൻ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീ. സുനിൽ. കെ.യുടെ ക്ലാർക്ക്/വാർഡൻ തസ്തികയിലെ പ്രൊബേഷൻ കാലാവധി 21.06.2020-ന് അവസാനിച്ചിരുന്നു. എന്നാൽ പ്രോബേഷൻ ഡിക്ലയർ ചെയ്യേണ്ട 22.06.2020 തീയതിയിൽ ടിയാൻ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുള്ള വകുപ്പുതല പരീക്ഷയായ എം.ഒ.പി പാസ്സായിരുന്നില്ല. കെ എസ് & എസ് എസ് ആർ റൂൾ 21 പ്രകാരം ഒരു വർഷക്കാലയളവ് വരെ നിയമനാധികാരികാരിയും, അതിന് മുകളിലുള്ള സമയത്തേക്ക് സർക്കാരുമാണ് പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകേണ്ടതെന്നും നിയമനാധികാരി എന്ന നിലയിൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് 22.06.2020 FN മുതൽ 21.06.2021 AN വരെ ഒരു വർഷത്തേക്ക് പരാമർശം (2) ഉത്തരവ് പ്രകാരം ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായും. പ്രോബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള മാനദണ്ഡമായ എം.ഒ.പി 2024 ൽ ആണ് ടിയാൻ പാസായിട്ടുള്ളതെന്നും ടി പരീക്ഷ നടന്നത് 14.10.2024 ന് ആയതിനാൽ 22.06.2021 മുതൽ 15.10.2024 വരെ ശ്രീ. സുനിൽ. കെ.യുടെ പ്രോബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകണമെന്നും പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ അധികാര പരിധിയിലുള്ള പട്ടഞ്ചേരി പ്രീമെട്രിക്

ഹോസ്റ്റലിലെ ക്ലാർക്ക്/വാർഡൻ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന, ശ്രീ. സുനിൽ. കെ.യുടെ ക്ലാർക്ക്/വാർഡൻ തസ്തികയിലെ പ്രൊബേഷൻ 15/10/2024 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തീകരിച്ചതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിലേക്കായി ടിയാന്റെ പ്രൊബേഷൻ കാലയളവ് 22.06.2021 മുതൽ 16.10.2024 വരെ, കെ എസ് & എസ് എസ് ആർ റൂൾ 21 പ്രകാരം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ശ്രീ. സുനിൽ. കെ, ക്ലർക്ക്/വാർഡൻ, പ്രീമെട്രിക് ഹോസ്റ്റൽ, പട്ടഞ്ചേരി
(പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന).
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rani K C
സെക്ഷൻ ഓഫീസർ
Date: 16-06-2026 11:01:56